01/01/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1005(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.8219/എസ്.ഐ.സി-ജി 5/2021)

**സന്നിഹിതൻ**

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി:16.12.2021

ശ്രീമതി. സിനി വർഗീസ്,
രമണി നിലയം, കരുവാറ്റ,
അടൂർ പി.ഒ., പത്തനംതിട്ട } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡി.വൈ.എസ്.പി., പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, ശാസ്തമംഗലം പി.ഒ., തിരുവനന്തപുരം
2. അപ്പീൽ അധികാരി, പോലീസ് സൂപ്രണ്ട് (എൻ.ആർ.ഐ. സെൽ), പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, ശാസ്തമംഗലം പി.ഒ., തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.04.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.05.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.06.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.06.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.07.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24.08.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 05.10.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10.12.2021 റസ്റ്റ് ഹൗസ് തിരുവല്ല |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരി<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. സിനി വർഗീസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 30 ദിവസത്തിനകം മറുപടി നൽകിയില്ലെന്നും 39-ാം ദിവസം ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി ലഭ്യമാക്കിയ മറുപടിയും തൃപ്തികരമല്ലെന്നും ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികളിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരി 20.04.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഹർജികക്ഷി 2019 ആഗസ്റ്റ് 31 ശനിയാഴ്ച സെന്റ്. സ്റ്റീഫൻസ് ആഡിറ്റോറിയം മാക്കാംകുന്ന് പത്തനംതിട്ടയിൽ ബഹു. ഡി.ജി.പി.യുടെ പരാതി പരിഹാര അദാലത്തിൽ ബഹു. ഡി.ജി.പി.എ.യെ നേരിൽ കണ്ട് പരാതി നൽകിയതിൽ രസീത് നം. 66 SPCA/PTA/PTN/2019 ന്റെ അന്വേഷണ ചുമതല ആർക്കായിരുന്നുവെന്നും ടിയാന്റെ പേരും, റാങ്കും എവിടെ വർക്ക് ചെയ്തിരുന്നു എന്നതിന്റെ ഡീറ്റെയിൽസ് നൽകണമെന്നും ടി പരാതിയിൽ അടൂർ ഡി.വൈ.എസ്.പി. യ്ക്ക് നൽകിയ 02.03.2019 ലെ പരാതിയുടെ കോപ്പിയും മെഡിക്കൽ റെക്കോർഡ്സും രസീത് നം. 29253/19 ന്റെ പകർപ്പ് അന്വേഷണത്തിനും നടപടിയ്ക്കുമായി അറ്റാച്ച് ചെയ്തിരുന്നുവെന്നും എന്നാൽ ടി പരാതിയിൽ ഒരു അന്വേഷണവും നടപടിയും ഉണ്ടായില്ല എന്നും ആയത് എന്തുകൊണ്ട് എന്ന് മറുപടി നൽകണമെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി 25.05.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷയിലെ ക്രമനമ്പർ 1-3 വരെയുള്ള ചോദ്യങ്ങൾ പത്തനംതിട്ടയിൽ വച്ച് നടന്ന സംസ്ഥാന പോലീസ് മേധാവിയുടെ അദാലത്തിൽ സമർപ്പിച്ചതുമായ പരാതി "SHO may look into personally and take prompt action" എന്ന ഉത്തരവോടുകൂടി 31.08.2019 തീയതിയിൽ

പത്തനംതിട്ട ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുള്ളതാണെന്നും ക്രമനമ്പർ 4,5,7,8,9 അപേക്ഷയിൽ ആവശ്യപ്പെടും പ്രകാരമുള്ള സ്പഷ്ടീകരണം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും മറ്റുമായി മറുപടി നൽകിയതായി കാണുന്നു. ആയതു തൃപ്തികരമല്ലാത്തതിനാൽ ടിയാൾ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. രണ്ടാം എതിർകക്ഷി ടി അപ്പീൽ അപേക്ഷ തീർപ്പാക്കി മറുപടി നൽകിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 05.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജികക്ഷി 23.04.2021 ൽ പോലീസ് ആസ്ഥാനത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ 25.05.2021 തീയതിയിലാണ് (33-ാം ദിവസം) അപേക്ഷകക്ഷിക്ക് മറുപടി നൽകിയിട്ടുള്ളതെന്നും ആയത് മനപൂർവ്വമായി സംഭവിച്ചതല്ലെന്നും കോവിഡ് 19 രോഗവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ മൂലവും ഓഫീസ് നിയന്ത്രണങ്ങൾ മൂലവും വിവരാവകാശ അപേക്ഷയിന്മേൽ വിവരം ലഭ്യമാകുന്നതിലുണ്ടായ കാലതാമസത്തിനാലാണ് ആയത് സംഭവിച്ചതെന്നും പത്തനംതിട്ട ജില്ലാ പോലീസ് ഓഫീസിലേക്ക് അയച്ചു കൊടുത്ത വിവരാവകാശ അപേക്ഷ തീർപ്പാക്കുന്നതിനുള്ള സമയപരിധി അവസാനിക്കുന്നതിന് മുമ്പാണ് അപേക്ഷകക്ഷി ടി ഓഫീസിൽ അപ്പീൽ നൽകിയതെന്നും ടി സാഹചര്യത്തിലാണ് വിവരം/മറുപടി ലഭിക്കാത്ത സാഹചര്യത്തിലോ അല്ലെങ്കിൽ ടി അധികാരി ലഭ്യമാക്കുന്ന വിവരം/മറുപടിയിൽ ആക്ഷേപമുള്ള സാഹചര്യത്തിലോ ആയത് വ്യക്തമാക്കി പത്തനംതിട്ട ജില്ലാ പോലീസ് ഓഫീസിലെ വിവരാവകാശ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ നൽകാവുന്നതാണെന്നുള്ള വിവരം അപേക്ഷ കക്ഷിയെ അറിയിച്ചിട്ടുള്ളതെന്നും ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ വ്യക്തവും വിശദവുമായി ഹർജികക്ഷിക്ക് ലഭ്യമാക്കിയിട്ടുള്ളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും 10.12.2021 ൽ തിരുവല്ല PWD റസ്റ്റ് ഹൗസിൽ വച്ച് കമ്മീഷൻ നടത്തിയ ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരിയും എതിർകക്ഷിയും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. അപ്പീൽ ഹർജികക്ഷിയുടെ മൊഴിയിൽ പറയുന്നത്

പത്തനംതിട്ട SP യും അടൂർ DYSP യും അന്വേഷണം ശരിയായിട്ടല്ല നടത്തിയത് എന്നും അടൂർ DYSPപരാതിക്കാരിയുടെ മൊഴിയെടുത്തില്ല എന്നും പരാതിയിലെ എതിർകക്ഷിയായ വനിത എസ്.ഐ. ശ്രീമതി. സുജാതയുടെ മൊഴി മാത്രമേ എടുത്തിട്ടുള്ളു എന്നും ടിയാൾ നൽകിയ 3 പരാതികളിൽ രണ്ടെണ്ണത്തിനും മറുപടി ഒന്നും നൽകിയിട്ടില്ല എന്നുമാണ് കമ്മീഷൻ ഹിയറിംഗിൽ ഹാജരായ എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. സംസ്ഥാന പോലീസ് മേധാവി (DGP) യുടെ അദാലത്തിൽ ലഭിച്ച പരാതി അദ്ദേഹം പത്തനംതിട്ട DYSP ക്ക് നൽകുകയാണുണ്ടായത് എന്നാണ്. ആയതിൽ ക്രൈം എടുത്തിട്ടുണ്ട് എന്നും റിപ്പോർട്ടു 15 ദിവസത്തിനകം നൽകാമെന്നും മൊഴി നൽകി. ലഭ്യമായിട്ടുള്ള വിവരങ്ങൾ വച്ച് മറുപടി ഹർജികക്ഷിക്ക് 25.05.2021 ൽ നൽകിയിട്ടുണ്ട്. ആയത് തൃപ്തികരമല്ല എന്നു കാണിച്ച് ഹർജികക്ഷി ഒന്നാം അപ്പീൽ നൽകി. മാത്രവുമല്ല പത്തനംതിട്ട എസ്.പി.യിൽ നിന്ന് നീതി ലഭിക്കുകയില്ലെന്നും അദ്ദേഹമാണ് കേസ് അട്ടിമറിച്ചത് എന്നും പരാതിയിൽ പറയുന്നു. DGP ആഫീസിൽ നിന്നു തന്നെ അന്വേഷിക്കണം എന്നാണ് ടിയാളുടെ ആവശ്യം. അപ്പീൽ വിശദമായി പരിശോധിച്ച് വിശദമായ മറുപടി 30.06.2021 ൽ നൽകി ഒന്നാം അപ്പീൽ തീർപ്പാക്കിയതായി പോലീസ് ഹെഡ്ക്വാർട്ടേഴ്സ് അപ്പീൽ അധികാരി 28.09.2021-ൽ കമ്മീഷനിൽ ഹാജരാക്കി യിട്ടുള്ള റിപ്പോർട്ടിൽ പ്രസ്താവിക്കുന്നു. പത്തനംതിട്ട ജില്ലാ പോലീസ് അധികാരി അപേക്ഷകയുടെ പരാതി അട്ടിമറിച്ചു എന്ന ടിയാളുടെ ആക്ഷേപം വ്യക്തമായ തെളിവുകൾ ഹാജരാക്കാതെ ഉന്നയിച്ചിരിക്കുന്നത് പരിഗണിക്കാൻ കഴിയുന്നതല്ല എന്നു 28.09.2021 ലെ റിപ്പോർട്ടിൽ പറയുന്നത് കമ്മീഷൻ നിരാകരിക്കുന്നില്ല. മാത്രവുമല്ല DGP ക്ക് ലഭിക്കുന്ന എല്ലാ പരാതികളും DGP ആഫീസിൽ നിന്ന് അന്വേഷിക്കണമെന്ന വാദം ഭരണപരമായ കാരണങ്ങളാൽ പരിഗണിക്കുവാൻ കഴിയുന്നില്ല എന്ന റിപ്പോർട്ടിലെ പരാമർശവും കമ്മീഷൻ തള്ളിക്കളയുന്നില്ല. അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ള നഷ്ടപരിഹാരം ലഭ്യമാക്കണമെന്ന ആവശ്യം ടിയാൾക്ക് നഷ്ടം സംഭവിച്ചതിന്റെ തെളിവുകൾ ഒന്നും കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയത് പരിഗണനാർഹമല്ല. കമ്മീഷൻ മുമ്പാകെ ഹിറിംഗിൽ പങ്കെടുത്ത എതിർകക്ഷി മൊഴിയിൽ പറഞ്ഞ പ്രകാരം വിശദമായ റിപ്പോർട്ടിന്റെ പകർപ്പ് ഒരിക്കൽ കൂടി ഹർജികക്ഷിക്കയച്ചു

നൽകേണ്ടതും മൊഴിയിൽ പറഞ്ഞ പ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം കേസിൽ എത്രയും പെട്ടെന്ന് ചാർജ് നൽകുകയും ചെയ്യാൻ എതിർകക്ഷിയെ നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 16-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp